ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. ഈ ലിസ്റ്റ് തയ്യാറായ ശേഷമേ റാണി റവ. ബി. യുടെ കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ.

പൂവൻതുരുത്ത് ലക്ഷംവീട് കോളനിയിൽ കുഴൽകിണറിനു വേണ്ടിയുള്ള നിവേദനം

135 [180] ശ്രീ. ഉമ്മൻചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പനച്ചിക്കാട് പഞ്ചായത്തിൽ പൂവൻതുരുത്ത് ലക്ഷംവീട് കോളനിയിൽ ഒരു കുഴൽക്കിണർ കുഴിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) ഈ കോളനിയിൽ എത്രയും വേഗം ഒരു കുഴൽക്കിണർ കുഴിയ്ക്കുവാൻ വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

മട്ടപ്പള്ളം കുഴൽക്കിണർ സ്കീം

136 [181] ശ്രീ. കെ.കെ. തോമസ് : താഴെക്കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വരൾച്ച അനുഭവപ്പെടുന്ന കുമളി പഞ്ചായത്തിലെ അമരാവതി പ്രദേശത്തെ ശുദ്ധജലവിതരണത്തിന് അട്ടപ്പള്ളം കുഴൽ കിണർ സ്കീം നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

ഈ സ്കീമിനു വേണ്ടിയുള്ള 9.95 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് ഫണ്ടിന്റെ അഭാവത്താൽ അനുവദിക്കപ്പെടാതെ കിടക്കുകയാണ്.

തോട്ടയ്ക്കാട് വാട്ടർ സപ്ലൈ സ്കീം

137 [182] ശ്രീ. ഉമ്മൻചാണ്ടി : താഴെക്കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തോട്ടയ്ക്കാട് വാട്ടർ സപ്ലൈ സ്കീം എന്ന് കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

1987 ജനുവരിയിൽ പ്രസ്തുത സ്കീം കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വിളവൂർക്കൽ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി

138 [183] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിളവൂർക്കൽ പഞ്ചായത്തിലെ ജനങ്ങൾക്കുവേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനം നിലച്ചിരിക്കുന്നതിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

സിമൻറ് ലഭ്യമാകാത്തതിനാൽ പണി നിലച്ചിരിക്കുകയായിരുന്നു. പണി വീണ്ടും ആരംഭിച്ചിട്ടുണ്ട്.

ഹരിജൻ കോളനികൾക്ക് ശുദ്ധജലമെത്തിക്കാനുള്ള പ്രത്യേക പരിപാടികൾ

139. [184] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജൻ കോളനികൾക്ക് ശുദ്ധജലമെത്തിക്കുവാനായി കുഴൽ കിണറുകൾ കുഴിക്കാനുള്ള പ്രത്യേക പരിപാടികൾ എന്തെങ്കിലും ഗവൺമെൻറിനുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പരിപാടിയിൽ കണ്ണൂർ ജില്ലയിൽ എത്ര കുഴൽ കിണർ കുഴിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഈ കുഴൽ കിണറിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും ?

ഉത്തരം

(എ ആൻറ് ബി) പ്രശ്ന ഗ്രാമങ്ങളിൽ ശുദ്ധജല വിതരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിപ്രകാരം ഹരിജൻ-ഗിരിജൻ കോളനികളിൽ കുഴൽ കിണറുകൾ കുഴിച്ച് കുടിവെള്ളമെത്തിക്കുന്നതിനായി 1985-86-ൽ രൂപം കൊടുത്ത പദ്ധതിക്ക് കേന്ദ്രഗവൺമെൻറ് അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് 594 ഗ്രാമങ്ങളിൽ 1512 കുഴൽ കിണറുകൾ കുഴിക്കുന്നതിന് 302.40 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് കേന്ദ്ര ഗവൺമെൻറ് അനുവാദം നൽകിയിട്ടുണ്ട്. ഇതിൽ കണ്ണൂർ ജില്ലയിൽ 29 ഗ്രാമങ്ങളിലായി 71 കുഴൽ കിണറുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എത്രയുംവേഗം പണി പൂർത്തിയാക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly